# പതിമൂന്നാം കേരളനിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.272 — 09.03.2015 ന് മറുപടിയ്ക്ക്.

## പുത്തൂർ സുവോളജിക്കൽ പാർക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.പി.വിൻസെന്റ് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) തൃശ്ശൂർ ജില്ലയിലെ പുത്തൂർ സുവോളജിക്കൽ പാർക്ക് യാഥാർത്ഥ്യമാക്കുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ? | (എ) ഇപ്പോൾ തൃശ്ശൂർ നഗരത്തിൽ പ്രവർത്തിക്കുന്ന തൃശ്ശൂർ മൃഗശാല പുത്തൂരിലേക്ക് മാറ്റി സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നുണ്ട്. ഇതിനാവശ്യമായ 150 കോടിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും ആയത് സെൻട്രൽ സൂ അതോറിറ്റി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. അംഗീകരിച്ച മാസ്റ്റർ പ്ലാൻ പ്രകാരം, പക്ഷിമൃഗാദികളെ പ്രദർശിപ്പിക്കുന്നിടം, അവയുടെ ആരോഗ്യ സുരക്ഷയ്ക്ക് ആവശ്യമായ സൗകര്യങ്ങൾ, സന്ദർശകർക്കു വേണ്ടിയുള്ള സൗകര്യങ്ങളും, കൂടാതെ പ്രകൃതി പഠനം, ഗവേഷണം തുടങ്ങിയവയ്ക്കുമുള്ള സൗകര്യങ്ങൾ ഡിസൈൻ ചെയ്യാനായി ലോകപ്രശസ്തനായ സൂ ഡിസൈനർ ശ്രീ.ജോൺ കോയുടെ നേതൃത്വത്തിൽ പൂർത്തിയായി വരുന്നുണ്ട്.<br><br>സുവോളജിക്കൽ പാർക്കിന് ആവശ്യമായ ശുദ്ധജല വിതരണവും, മലിനജലം ശുദ്ധീകരിച്ച് പുനഃചംക്രമണം നടത്തുന്നതിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് വേണ്ടിയുള്ള പദ്ധതി തയ്യാറാക്കുവാൻ ആവശ്യമായ കൺസൾട്ടന്റിനെ നിയമിക്കാനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നുണ്ട്. അതോടൊപ്പം തൃശ്ശൂർ സുവോളജിക്കൽ പാർക്കിനാവശ്യമുള്ള 2.5 ഹെക്ടർ സ്വകാര്യഭൂമി ഏറ്റെടുക്കുന്ന നടപടി പുരോഗമിച്ചു വരുന്നു. കൂടാതെ പ്രത്യേക ഡിസൈനുകൾ ആവശ്യമില്ലാത്ത സൂ കിച്ചൺ, സ്റ്റാഫ് ക്വാർട്ടേഴ്സുകൾ തുടങ്ങിയവയുടെ നിർമ്മാണ പ്രവൃത്തികൾ കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.